പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1160 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത

**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ
" എൽദോസ് കുന്നപ്പിള്ളി
" ഷാഫി പറമ്പിൽ
" റോജി എം. ജോൺ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത നിലവിൽ എത്ര കോടി രൂപയാണ്; | (എ) | 31.08.2016-ലെ കണക്കനുസരിച്ച് വിവിധ ധനകാര്യസ്ഥാപനങ്ങൾക്ക് 2823.42 കോടി രൂപയും സർക്കാർ വായ്പ ഇനത്തിൽ 548 കോടി രൂപയും ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ ആകെ ബാധ്യത 3371.42 കോടി രൂപയാണ്. |
| (ബി) | 2016 ജൂണിനു ശേഷം ശമ്പളവും പെൻഷനും നൽകാനായി കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ കടം വാങ്ങി; എത്ര ശതമാനം പലിശയാണ് നൽകേണ്ടത്; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം വാങ്ങിയത്; | (ബി) | 2016 ജൂണിനു ശേഷം 31.08.2016 വരെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ശമ്പളവും പെൻഷനും നൽകാനായി കടമെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന കളക്ഷൻ എത്രയാണ്; | (സി) | കെ.എസ്.ആർ.ടി.സി.യിലെ പ്രതിദിന വരുമാനം ശരാശരി 5.04 കോടി രൂപയാണ്. കെ.യു.ആർ.ടി.സി.യുടെ പ്രതിദിന വരുമാനമായ 0.46 കോടി രൂപ ഉൾപ്പെടാതെയാണ് ഇത്. |
| (ഡി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി, കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് സർക്കാരിൽ തയ്യാറാക്കി വരികയാണെന്ന് |

| | | | |
|---|---|---|---|
| | | | പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് തയ്യാറാക്കി വരുന്നു. 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്. ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ സി.എൻ.ജി ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്.<br>കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിനായി വിശദപഠനം നടത്താനായി ഐ.ഐ.എം കൊൽക്കത്തയിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ 24-9-16-ലെ G.O (Rt) No. 367/16/Tran നമ്പർ ഉത്തരവു പ്രകാരം കൺസൽറ്റന്റായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തീയതി | സ്ഥാപനം | തുക (കോടി രൂപയിൽ) | പലിശ നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 01.07.2016 | കെ.റ്റി.ഡി.എഫ്.സി | 70 | 12.10% | 2016 ജൂൺ മാസത്തെ ശമ്പളത്തിന് |
| 30.07.2016 | എസ്.ബി.ടി | 70 | 12.00% | 2016 ജൂലൈ മാസത്തെ ശമ്പളത്തിന് |
| 20.08.2016 | ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, എറണാകുളം | 50 | 12.00% | 2016 ആഗസ്റ്റ് മാസത്തെ പെൻഷനും, ശമ്പളവും |
| 31.08.2016 | ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാലക്കാട് | 50 | 12.00% | 2016 ആഗസ്റ്റ് മാസത്തെ ശമ്പളത്തിന് |

സെക്ഷൻ ഓഫീസർ